**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 853** **24-02-2022 - ൽ മറുപടിയ്ക്ക്**

**വാരണാസിയിലെ തിരുവിതാംകൂർ ദേവസ്വം ബോർഡ് സത്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | വാരണാസി കാശിവിശ്വനാഥ ക്ഷേത്രത്തിന് സമീപമുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സ്ഥലവും സത്രവും സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | വാരണാസി കാശിവിശ്വനാഥ ക്ഷേത്രത്തിന് സമീപമുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സ്ഥലവും സത്രവും സംരക്ഷിക്കുന്നതിനും, ഉടമസ്ഥാവകാശം പൂർണ്ണമായും ദേവസ്വം ബോർഡിന്റെ പേരിലേയ്ക്ക് മാറ്റുന്നതിനും ബഹു. ഹൈക്കോടതിയുടെ 21/02/2014-ലെ ഡി.ബി.പി. 179/2011 നമ്പർ അനുമതിയുടെ അടിസ്ഥാനത്തിൽ ശ്രീ.റ്റി.എസ്.സുബ്രഹ്മണിയെ വാരണാസി നോഡൽ ഓഫീസർ ആയി നിയമിക്കുകയും ശ്രീ. റ്റി.എസ്. സുബ്രഹ്മണി ബോർഡിനെ പ്രതിനിധീകരിച്ച് വാരണാസിയിലെ വസ്തുവിലെ കെട്ടിടത്തിന്റെ അനധികൃത കൈവശം സംബന്ധിച്ച് കേസുകൾ വാരണാസി കോടതിയിൽ നടത്തിയിട്ടുള്ളതുമാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള വാരണാസി സത്രം നവീകരണത്തിനായി 06/08/2018-ലെ ആർ.ഒ.സി.7371/16/എം. നമ്പർ ബോർഡ് ഉത്തരവ് പ്രകാരം 1,00,40,000/-- (ഒരു കോടി നാല്പതിനായിരം) രൂപയുടെ എസ്റ്റിമേറ്റ് ബഹു. ഹൈക്കോടതിയുടെ അനുമതിയ്ക്ക് വിധേയമായി അനുവദിച്ചിരുന്നതും, 05/07/2019-ലെ ആർ.ഒ.സി.7371/16/എം. നമ്പർ ബോർഡ് ഉത്തരവ് പ്രകാരം ശ്രീ.ബി.എസ്.സുരേഷ്കുമാറിന് 25% അധിക നിരക്കിൽ കരാർ അനുമതി നൽകിയിരുന്നതുമാണ്. എന്നാൽ കോവിഡ് വ്യാപന സാഹചര്യത്തിലും കോൺട്രാക്ടർ അധികമായി ജി.എസ്.ടി തുക ആവശ്യപ്പെട്ട സാഹചര്യത്തിലും ടി വർക്കിന്റെ ടേം പിരീഡ് അവസാനിച്ചിട്ടുള്ളതിനാലും പ്രസ്തുത കരാർ റദ്ദാക്കിയിട്ടുള്ളതും, പ്രസ്തുത വർക്കിന്റെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ചീഫ് എഞ്ചിനിയർ |

| | | | |
|---|---|---|---|
| | | | (ജനറൽ) നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ദേവസ്വം ബോർഡ് അധികൃതർ സത്രം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയിട്ടുണ്ടോയെന്നും എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ; | (ബി) | വാരണാസി കാശിവിശ്വനാഥ ക്ഷേത്രത്തിന് സമീപമുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സ്ഥലവും സത്രവും സംരക്ഷിക്കുന്നതിനും, ഉടമസ്ഥാവകാശം പൂർണ്ണമായും ദേവസ്വം ബോർഡിന്റെ പേരിലേയ്ക്ക് മാറ്റുന്നതിനും ബഹു. ഹൈക്കോടതിയുടെ 21/02/2014-ലെ ഡി.ബി.പി. 179/2011 നമ്പർ അനുമതിയുടെ അടിസ്ഥാനത്തിൽ ശ്രീ.റ്റി.എസ്.സുബ്രഹ്മണിയെ വാരണാസി നോഡൽ ഓഫീസർ ആയി നിയമിക്കുകയും ശ്രീ. റ്റി.എസ്. സുബ്രഹ്മണി ബോർഡിനെ പ്രതിനിധീകരിച്ച് വാരണാസിയിലെ വസ്തുവിലെ കെട്ടിടത്തിന്റെ അനധികൃത കൈവശം സംബന്ധിച്ച് കേസുകൾ വാരണാസി കോടതിയിൽ നടത്തിയിട്ടുള്ളതുമാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള വാരണാസി സത്രം നവീകരണത്തിനായി 06/08/2018-ലെ ആർ.ഒ.സി.7371/16/എം. നമ്പർ ബോർഡ് ഉത്തരവ് പ്രകാരം 1,00,40,000/-- (ഒരു കോടി നാല്പതിനായിരം) രൂപയുടെ എസ്റ്റിമേറ്റ് ബഹു. ഹൈക്കോടതിയുടെ അനുമതിയ്ക്ക് വിധേയമായി അനുവദിച്ചിരുന്നതും, 05/07/2019-ലെ ആർ.ഒ.സി.7371/16/എം. നമ്പർ ബോർഡ് ഉത്തരവ് പ്രകാരം ശ്രീ.ബി.എസ്.സുരേഷ്കുമാറിന് 25% അധിക നിരക്കിൽ കരാർ അനുമതി നൽകിയിരുന്നതുമാണ്. എന്നാൽ കോവിഡ് വ്യാപന സാഹചര്യത്തിലും കോൺട്രാക്ടർ അധികമായി ജി.എസ്.ടി തുക ആവശ്യപ്പെട്ട സാഹചര്യത്തിലും ടി വർക്കിന്റെ ടേം പിരീഡ് അവസാനിച്ചിട്ടുള്ളതിനാലും പ്രസ്തുത കരാർ റദ്ദാക്കിയിട്ടുള്ളതും, പ്രസ്തുത വർക്കിന്റെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ചീഫ് എഞ്ചിനിയർ (ജനറൽ) നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കേരളത്തിൽ നിന്നുള്ള തീർത്ഥാടകർക്ക് പ്രസ്തുത സത്രത്തിൽ താമസ സൗകര്യത്തിന് മുൻഗണന നൽകാറുണ്ടോയെന്നും ഓൺലൈനിൽ റിസർവേഷൻ സൗകര്യം ലഭ്യമാക്കുമോയെന്നും അറിയിക്കാമോ? | (സി) | നിലവിൽ താമസയോഗ്യമല്ലാത്തതിനാൽ സത്രം നവീകരിച്ചതിനു ശേഷം മാത്രമേ ഇക്കാര്യത്തിൽ ഒരു തീരുമാനം കൈക്കൊള്ളാനാകൂ എന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ